പുളിമാത്തു പഞ്ചായത്തിലെ അംഗീകരിക്കപ്പെട്ട ഹരിജൻ കോളനികൾ

97. [115] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പുളിമാത്തു പഞ്ചായത്തിൽ എത്ര ഹരിജൻ കോളനികൾ അംഗീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും, അവിടങ്ങളിലെ ഹരിജനങ്ങൾ എത്രയാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളനിനിവാസികളുടെ ക്ഷേമത്തിനുവേണ്ടി ഗവൺമെന്റ് ഇതിനകം എന്തെങ്കിലും ക്ഷേമപദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും, അതിനുവേണ്ടി എന്തു തുക ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രയോജനങ്ങൾ ഏതെല്ലാം വിധത്തിൽ എത്രപേർക്ക് ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഇ) ഈ വർഷത്തേക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് അവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനുവേണ്ടി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും അതിന്റെ പ്രയോജനം എത്രപേർക്ക് ഏതെല്ലാം വിധത്തിൽ ഉണ്ടാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുളിമാത്തു പഞ്ചായത്തിൽ അംഗീകൃത ഹരിജൻ കോളനികൾ ഇല്ല.

(ബി, സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ

98. [116] ശ്രീമതി റെച്ചൽ സണ്ണി പനവേലിൽ :
ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമയുടെ കീഴിൽ എത്തെല്ലാം യൂണിറ്റുകൾ ആണ് പ്രവർത്തിക്കുന്നത് ;

(ബി) ഇവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മിൽമയുടെ കീഴിൽ ഏഴു ഡയറികളാണ് പ്രവർത്തിക്കുന്നത്.
(ബി) തിരുവനന്തപുരം ഡയറി
കൊല്ലം ,,
ആലപ്പുഴ ,,
കോട്ടയം ,,
എറണാകുളം ,,
പാലക്കാട് ,,
കണ്ണൂർ ,,

LIBRARY ARCHIVES Kerala Legislative Assembly